LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വികസനം ലക്ഷ്യമാക്കി റോഡുകളുടെ വികസനം

14 [992] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. പി. ഗംഗാധരൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനം ലക്ഷ്യമാക്കി റോഡുകൾ വികസിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ റോഡുമുഖേന ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) തൃശ്ശൂരിൽ നിന്ന് മലക്കിപ്പാറ, നെല്ലിയാമ്പതി മുതലായ കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കാവുന്നതാണ്.

(സി) നെന്മാറ-നെല്ലിയാമ്പതി റോഡിന് നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ-മലക്കിപ്പാറ റോഡു വികസനത്തിന് ടൂറിസം വകുപ്പിന് ഇപ്പോൾ ഉദ്ദേശമില്ല.

എറണാകുളം ഗസ്റ്റ്ഹൗസിലെ നവീകരിച്ച മുറികൾ എം.എൽ.എ.-മാർക്ക് അനുവദിക്കാൻ നടപടി

15 [993] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗസ്റ്റ്ഹൗസിന്റെ നവീകരിച്ച പഴയ കെട്ടിടത്തിലെ മുറികൾ എം.എൽ.എ.-മാർക്ക് അനുവദിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ബി) മന്ത്രിമാർക്ക് മാത്രമേ ഈ മുറികൾ അനുവദിക്കുകയുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ മുറികൾ എം.എൽ.എ.-മാർക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.